പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1550 13.6.2014-ൽ മറുപടിയ്ക്ക്

ബാക്ക്‌യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ബാക്ക്‌യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ടിനായി 2013-14 -ൽ എന്ത് തുക നീക്കിവച്ചിരുന്നു; | എ) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് ബാക്ക്യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ടിനായി 2013-14 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയും മൃഗസംരക്ഷണ വകുപ്പിന് 4 കോടി രൂപയും വകയിരുത്തിയിരുന്നു. |
| ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പ്രോജക്ടിലൂടെ നടപ്പിൽ വരുത്തിയത് എന്നറിയിക്കാമോ; | ബി) ബാക്ക്യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ട് നടപ്പാക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ 9 കോടി രൂപ അനുവദിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്.<br>1.കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ്-400 ലക്ഷം<br>2.കെപ്കോ ആശ്രയ പദ്ധതി-250 ലക്ഷം<br>3.മുട്ടയുത്പാദനവും വിപണനവും-250 ലക്ഷം (കുടുംബശ്രീയിലൂടെ ).<br>മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്ത് മൊത്തം 665 അപ്പർ പ്രൈമറി/ഹൈസ്കൂൾ ക്ലാസുകളിലെ 100 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ 5 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വീതവും, തീറ്റ, കൂട് എന്നിവയും ഈ പദ്ധതിയിൽ നൽകി വരുന്നു. ഇതിൽ കോഴിയുടെ വില, തീറ്റ, മരുന്ന്, വാറ്റ്, ട്രാൻസ്പോർട്ടേഷൻ, സ്റ്റേഷനറി തുടങ്ങിയ ചിലവിനായി 600/- രൂപ സർക്കാർ ധനസഹായമായും കൂടിന്റെ വില ഗുണഭോക്തൃ വിഹിതമായും വഹിക്കുന്നു. ഈ പദ്ധതിക്ക് വിതരണം ചെയ്യാനായി മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ വിരിയിച്ചിറക്കിയ ഒരു ദിവസം പ്രായമുള്ള |

മുട്ടക്കോഴിക്കുഞ്ഞുങ്ങളെ അംഗീകൃത എഗ്ഗർ നേഴ്സറികൾക്ക് നൽകി വരുന്നു. ഇവയെ 46-60 ദിവസം വളർത്തി എഗ്ഗർ നേഴ്സറികളിൽ നിന്ന് ബന്ധപ്പെട്ട വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ മുഖാന്തിരം സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ തങ്ങളുടെ ജില്ലയിലെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

| | |
|---|---|
| സി) പ്രോജക്ട് നടപ്പാക്കിയതിലൂടെ സംസ്ഥാനത്ത് മുട്ട ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ? | സി) ഉണ്ട് .സ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഏകദേശം 4.99875 കോടി എണ്ണം മുട്ടകളാണ് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നത്. കെ.എസ്.പി.ഡി.സി യുടെ ബാക്ക്യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ട് വഴി, വിവിധയിനം അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതികൾ, നടപ്പിലാക്കിയതിലൂടെ കേരളത്തിലെ മുട്ടയുല്പാദനത്തിൽ 2007-08 കാലഘട്ടം മുതൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

Seele

സെക്ഷൻ ഓഫീസർ